MR. K. A. MATHEW : അവിടെയുണ്ടായിരുന്ന സിസ്റ്റേഴ്സിനെ അവിടെനിന്നും മാറ്റുന്നതിനുള്ള കാരണം എന്താണെന്നു പറയുമോ ?

HON'BLE MR. G. RAMACHANDRAN: They were withdrawn by the Mother Superior of the Government Hospital, Thiruvella due to old age and ill health. Substitutes were not appointed by the Mother Superior.

MR. K. A. MATHEW : മറ്റേതെങ്കിലും ആശുപത്രികളിൽ ഇതുപോലെ മാറ്റിയിട്ടുണ്ടോ ?

HON'BLE MR. G. RAMACHANDRAN: അതിനു നോട്ടീസ് വേണം.

Alwaye Railway Bridge.

212. MR. E. K. MADHAVAN : Will the Honourable Minister for Finance be pleased to state :

(*a*) whether the Government have received any representation from the inhabitants of alwaye and suburbs regarding the conversion of the Alwaye Railway bridge into a rail-road bridge; and

(*b*) if so, what action they have taken in the matter ?

HON'BLE MR. A. THANU PILLAI: Answer to (a) is yes; and (b) the matter is under consideration of Government.

MR. E. K. MADHAVAN : ഇതിനുമുൻപ് ഇതേപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ?

HON'BLE MR. A. THANU PILLAI : ഉണ്ട്. കൊച്ചീഗവണ്മെൻറുമായിട്ട് ഇതുസംബന്ധിച്ച് എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

MR. PAUL THALIAT : കൊച്ചീഗവണ്മെൻറ് ഇതിൻറെ ചെലവിൽ ഏകദേശഭാഗം വഹിക്കാമെന്നു പറഞ്ഞിട്ടുണ്ടോ ?

HON'BLE MR. A. THANU PILLAI : കൊച്ചീഗവണ്മെൻറുമായി നടക്കുന്ന എഴുത്തുകുത്തിൽ ആ കാര്യത്തെപ്പറ്റിയും പറയുന്നുണ്ട്.

MR. PAUL THALIAT : ചെലവിൻറെ എത്ര അംശം വഹിക്കാം എന്നാണ് അവർ പറഞ്ഞിരിക്കുന്നത് എന്നെങ്കിലും പറയാമോ ?

HON'BLE MR. A. THANU PILLAI : അതു എഴുത്തുകുത്തുകൾ പൂർത്തിയായതിനുശേഷമേ പറയാൻ നിവൃത്തിയുള്ളൂ.

കാട്ടാനശല്യം.

243. MR. A. K. PATCHU PILLAI (*Peermade—general*) : താഴെ കാണിക്കുന്ന ചോദ്യങ്ങൾക്ക് ഫോറസ്റ്റ് വകുപ്പിൻറെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഉത്തരം നൽകുവാൻ ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly